**<u>15 -ാം കേരള നിയമസഭ</u>**

**<u>13 -ാം സമ്മേളനം</u>**

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 128</u>** **<u>13-02-2025 - ൽ മറുപടിയ്ക്ക്</u>**

**<u>റോഡ് സുരക്ഷ ഉറപ്പാക്കാൻ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. കെ. ടി. ജലീൽ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീമതി ഒ എസ് അംബിക** | | **ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനും റോഡപകടങ്ങൾ ഗണ്യമായി കുറയ്ക്കുന്നതിനുമായി എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത സ്ക്വാഡിന്റെ ചുമതലകൾ വിശദമാക്കുമോ; | (എ) | ഉണ്ട്.<br><br>സംസ്ഥാനത്ത് റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനും റോഡ് അപകടങ്ങൾ കുറക്കുന്നതിനുമായി എല്ലാ പോലീസ് ജില്ലകളിലും ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. റോഡ് സുരക്ഷ ഉറപ്പാക്കി സുഗമമായ വാഹന ഗതാഗതവും കാൽനട യാത്രക്കാരുടെ സുരക്ഷിതമായ സഞ്ചാരവും ഉറപ്പ് വരുത്തുന്നതിനാവശ്യമായ ഗതാഗത ക്രമീകരണങ്ങളും മറ്റും ടി യൂണിറ്റുകൾ നിർവ്വഹിച്ചുവരുന്നു.<br><br>കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ (കെആർഎസ്എ) സാമ്പത്തിക സഹായത്തോടെ മോട്ടോർ വാഹന വകുപ്പ് നടപ്പിലാക്കിയ ഫുള്ളി ഓട്ടോമേറ്റഡ് ട്രാഫിക് എൻഫോഴ്സ്മെന്റ് പ്രോജക്റ്റ് ആണ് സേഫ് കേരള. AI- അധിഷ്ഠിത ഡിജിറ്റൽ എൻഫോഴ്സ്മെന്റ്, കേന്ദ്രീകൃത നിയന്ത്രണ സംവിധാനങ്ങൾ തുടങ്ങിയ നൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി, ട്രാഫിക് നിയമങ്ങൾ പാലിക്കുന്നത് ഗണ്യമായി വർദ്ധിപ്പിക്കുകയും എണ്ണമറ്റ ജീവൻ രക്ഷിക്കുകയും ചെയ്തു.<br><br>സർക്കാർ ഉത്തരവ് സ.ഉ.(കൈ) നം.56/2018/ ഗതാഗതം തീയതി 24/09/2018- പ്രകാരം സേഫ് കേരള പദ്ധതിയുടെ ഭാഗമായി മോട്ടോർ വാഹന വകുപ്പിൽ നിലവിലെ 34 സ്ക്വാഡുകൾ കൂടാതെ 51 സ്ക്വാഡുകൾ കൂടി രൂപീകരിക്കുകയും ചെയ്തുവഴി സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പിനു കീഴിൽ 85 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ നിലവിൽ പ്രവർത്തിച്ചു വരുന്നു. ടി സ്ക്വാഡുകളുടെ രൂപീകരണത്തിനു ശേഷം 02/03/2019 തീയതിയിലെ |

| | | | |
|---|---|---|---|
| | | | സ.ഉ. (കൈ) നം.20/2019/ഗതാഗതം എന്ന ഉത്തരവ് പ്രകാരം സേഫ് കേരള പദ്ധതിയുമായി ബന്ധപ്പെട്ട് നടപടിക്രമങ്ങളും നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | റോഡ് സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി പ്രത്യേകമായ എൻഫോഴ്സ്മെന്റ് ഡ്രൈവുകൾ നടത്തിയിട്ടുണ്ടോ; ആയത് ട്രാഫിക് നിയമലംഘനങ്ങൾ പിടികൂടുന്നതിനും പൊതുജനങ്ങൾക്ക് റോഡ് സുരക്ഷാ നിയമങ്ങളിൽ അവബോധം നൽകുന്നതിനും എത്രത്തോളം സഹായകരമായിട്ടുണ്ട്; വിശദമാക്കുമോ? | (ബി) | റോഡ് സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി പ്രത്യേകമായ എൻഫോഴ്സ്മെന്റ് ഡ്രൈവുകൾ നടത്തിയിട്ടുണ്ട്. 2024-ൽ മോട്ടോർ വാഹന വകുപ്പ് നടത്തിയ ഡ്രൈവുകളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>**1) ഓപ്പറേഷൻ ' സേഫ്റ്റി റ്റു സേവ് ലൈഫ് '**<br><br>ആംബുലൻസുകളുടെ നിയമവിരുദ്ധ സർവീസ് പരിശോധിക്കുന്നതുമായി ബന്ധപ്പെട്ട് 2023 JAN 10 മുതൽ 3 ദിവസത്തേയ്ക്ക് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തി.<br><br>**2) അനധികൃത ലൈറ്റ് ഫിറ്റിങ്ങുകൾ കണ്ടെത്തുന്നതിനുള്ള സ്പെഷ്യൽ ഡ്രൈവ്**<br><br>മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വരുന്ന വാഹനങ്ങളിൽ റോഡ് സുരക്ഷയ്ക്ക് വിഘാതമായി വാഹനങ്ങളിൽ ഘടിപ്പിച്ചിരിക്കുന്ന ക്രാഷ് ഗാർഡ്, എയർ ഹോൺ, അധിക ലൈറ്റുകൾ, നമ്പർ പ്ലേറ്റ് മറച്ച വച്ചുള്ള യാത്ര മുതലായവകൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിന് 23/01/2024 മുതൽ 25/01/2024 വരെ നടത്തിയ സ്പെഷ്യൽ ഡ്രൈവ്.<br><br>**3) ആംബുലൻസുകളുടെ ദുരുപയോഗം സംബന്ധിച്ച്സ്പെഷ്യൽ ഡ്രൈവ്**<br><br>ആംബുലൻസുകളുടെ നിയമവിരുദ്ധ സർവീസ് പരിശോധിക്കുന്നതുമായി ബന്ധപ്പെട്ട് 04-03-2024 തീയതി മുതൽ 13-03-2024 വരെ ഒരു ഡ്രൈവ് നടത്തുകയുണ്ടായി . പ്രസ്തുത ഡ്രൈവിൽ ചുവടെ ചേർത്തിരിക്കുന്ന നിയമലംഘനങ്ങൾ പരിശോധിക്കുകയുണ്ടായി.<br><br>എ) മോട്ടോർ കാർ ആയി രജിസ്റ്റർ ചെയ്ത വാഹനംആംബുലൻസ് ആയി അനധികൃത രൂപമാറ്റം വരുത്തി സർവീസ് നടത്തുക.<br><br>ബി) ആംബുലൻസുകൾ രോഗികളെ കൊണ്ടുപോകാൻ അല്ലാതെ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുക.<br><br>സി) ആംബുലൻസുകൾ രോഗികളുമായുള്ള യാത്ര, മനുഷ്യാവയവങ്ങൾ എത്തിച്ച നൽകേണ്ട ദുരന്ത നിവാരണ രക്ഷാപ്രവർത്തനങ്ങൾക്കുള്ള |

അത്യാവശ്യയാത്ര, എന്നിവയിലല്ലാതെയുള്ള അമിതവേഗത, സൈറൺ ദുരുപയോഗം.

ഡി) ആംബുലൻസ് ഡ്രൈവർമാർ മദ്യപിച്ച സർവീസ് നടത്തുക.

**4) ഓട്ടം പൂർത്തിയാക്കാത്ത സ്റ്റേജ് കാര്യേജുകൾക്കെതിരെയുള്ള ഡ്രൈവ്**

രാത്രികാലങ്ങളിൽ സ്റ്റേജ് കാര്യേജുകൾ പ്രത്യേകച്ച് പ്രൈവറ്റ് ബസ്സുകൾ പെർമിറ്റ് നിബന്ധനകൾക്ക്

വിരുദ്ധമായി ട്രിപ്പുകൾ മുടക്കുന്നത് കണ്ടെത്തുന്നതിനായി ദിവസേന ഡ്രൈവ് നടത്തുകയുണ്ടായി.

**5) തേർഡ് പാർട്ടി ഇൻഷ്വറൻസ് ഇല്ലാത്ത വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച സെഷ്യൽ ഡ്രൈവ്.**

പൊതുനിരത്തുകളിൽ സാധുവായ തേർഡ് പാർട്ടി ഇൻഷ്വറൻസ് ഇല്ലാത്ത വാഹനങ്ങൾ സഞ്ചരിക്കുന്നില്ലായെന്നു ഉറപ്പ വരുത്തുന്നതിനായും മോട്ടോർ വാഹന നിയമം 1998 ലെ 146, 196 എന്നീ ചട്ടങ്ങൾ കൃത്യമായി പാലിക്കുന്നുവെന്നും ഉറപ്പ വരുത്തുന്നതിലേക്കായും തേർഡ് പാർട്ടി ഇൻഷ്വറൻസുമായി ബന്ധപ്പെട്ട ബോധവൽക്കരണങ്ങൾ, സ്പെഷ്യൽ ഡ്രൈവുകൾ എന്നിവ സംഘടിപ്പിച്ചു.

**6) ഡെസിബെൽ മീറ്റർ ഉപയോഗിച്ചുള്ള സ്പെഷ്യൽ ഡ്രൈവ്**

കേരളത്തിൽ ഓടുന്ന പ്രൈവറ്റ് ബസുകളിലും ലോറികളിലും നിരോധിത എയർഹോൺ ഉപയോഗിക്കുന്നതായി പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രൈവറ്റ് ബസുകളിലും ലോറികളിലും നിരോധിത എയർഹോൺ ഉപയോഗിക്കുന്നത് കണ്ടെത്തുവാൻ 2024 മെയ് 14 മുതൽ മെയ് 18 വരെയുള്ള ദിവസങ്ങളിൽ സംസ്ഥാനത്തുള്ള ബസ്സുകളിലും ലോറികളിലും പരിശോധന സംഘടിപ്പിച്ചു.

**7) നിയമവിരുദ്ധമായി ലൈറ്റുകൾ ഘടിപ്പിക്കുന്നതിനെതിരായ സ്പെഷ്യൽ ഡ്രൈവ്**

നിയമവിരുദ്ധമായി ലൈറ്റുകൾ ഘടിപ്പിച്ച് സർവീസ് നടത്തുന്ന സ്റ്റേജ് കാര്യേജ്, ഹെവി ഗുഡ്സ് വെഹിക്കിൾ, ഹെവി പാസഞ്ചർ വെഹിക്കിൾ എന്നീ വാഹനങ്ങൾക്കെതിരെ നിയമനടപടികൾ

സ്വീകരിക്കുനനതിന്റെ ഭാഗമായി എല്ലാ ദിവസങ്ങളിലും സ്പെഷ്യൽ ഡ്രൈവ് നടത്തുകയുണ്ടായി. അത്തരത്തിൽ ഘടിപ്പിച്ചിട്ടുള്ള ലൈറ്റുകൾ നീക്കം ചെയ്ത ശേഷം മാത്രമേ പ്രസ്തുത വാഹനങ്ങളെ തുടർന്ന് സർവീസ് നടത്തുവാൻ അനുവദിക്കാവൂ എന്നും നിർദ്ദേശം നൽകി.

**8) EIB സ്പെഷ്യൽ ഡ്രൈവ്**

പുതിയ അധ്യായന വർഷം ആരംഭിക്കുന്നതിനു മുന്നോടിയായി കുട്ടികളുടെ സുരക്ഷയയും സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി 23-05-2024 തീയതി മുതൽ സ്കൂൾ വാഹനങ്ങളുടെ പരിശോധനയുമായി ബന്ധപ്പെട്ട് സെഷ്യൽ ഡ്രൈവ് നടത്തുവാൻ നിർദ്ദേശം നൽകി.

**9) എയർ ഹോണുകളുടെ ഉപയോഗം കണ്ടുപിടിക്കുന്നതിനായുള്ള സെഷ്യൽ ഡ്രൈവ്**

കേരള സംസ്ഥാനത്ത് എയർ ഹോണുകൾ ഘടിപ്പിച്ച് ഓടുന്ന വാഹനങ്ങൾ ശബ്ദ മലിനീകരണത്തിനും പൗരന്മാർക്ക് ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമാകുന്നതായി നിരവധി പരാതികൾ ലഭിച്ചതിനാൽ അമിത ശബ്ദം പുറപ്പെടുവിക്കുന്ന വാഹനങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനായി ഡെസിബൽ മീറ്റർ ഉപയോഗിച്ച് സ്പെഷ്യൽ ഡ്രൈവ് സംഘടിപ്പിച്ചു.

**10. സ്റ്റേജ് കാര്യേജുകളുമായി ബന്ധപ്പെട്ട സ്പെഷ്യൽ ഡ്രൈവ്**

സ്റ്റേജ്കാര്യേജുകളിൽ സേവനമനുഷ്ഠിക്കുന്ന ഡ്രൈവർമാർ, കണ്ടക്ടർമാർ എന്നിവർ നിയമം അനുശാസിക്കുന്ന രീതിയിലെ യൂണിഫോം ആണ് ജോലി സമയത്ത് ധരിച്ചിരിക്കുന്നത് എന്നും, ഷർട്ടിൽ പേര്, ബാഡ്ജ് നമ്പർ എന്നിവ പ്രദർശിപ്പിക്കുന്ന ബാഡ്ജ് ധരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി 10-09-2024 മുതൽ 13-09-2024 വരെ ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തി.

**11. അനധികൃത സ്റ്റേജ് കാരേജ് സർവീസുകൾ**

സംസ്ഥാനത്ത് അനധികൃതമായി സ്റ്റേജ് കാര്യേജ് എന്ന പേരിൽ സർവീസ് നടത്തുന്ന കോൺട്രാക്ട് ക്യാരേജുകളെ കണ്ടെത്തുന്നതിലേക്കായി 17-10-2024 തീയതി മുതൽ എല്ലാ ദിവസവും പ്രത്യേക പരിശോധനനടത്തി.

**12. നിയമവിരുദ്ധമായി വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള നെയിം ബോർഡുകൾ, ഫ്ലാഷ് ലൈറ്റുകൾ, ഫ്ലാഗുകൾ, ലൈറ്റുകൾ ഘടിപ്പിച്ച് രൂപമാറ്റം എന്നിവ കണ്ടെത്തുന്നതിനുള്ള പ്രത്യേക പരിശോധന**

WP(C) No. 25129/2024 filed by SUO MOTU എന്ന കേസിൽ ബഹു: കേരള ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള വിവിധ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നിയമവിരുദ്ധമായി വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള നെയിം ബോർഡുകൾ, ഫ്ലാഷ് ലൈറ്റുകൾ, ഫ്ലാഗുകൾ എന്നിവയ്ക്കെതിരായി നടപടി സ്വീകരിക്കുവാനും ബസ്സുകളിലും മറ്റു വാഹനങ്ങളിലും നിയമവിരുദ്ധമായി ലൈറ്റുകൾ ഘടിപ്പിച്ച് രൂപമാറ്റം വരുത്തുന്നതിനെതിരെ WP (C) നം 25158/2024 filed by SUO MOTU എന്ന കേസിൽ ബഹു:കേരള ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള വിവിധ ഉത്തരവുകളുടെ അടിസ്ഥാനത്തിലും ഇത്തരം നിയമലംഘനങ്ങൾ കണ്ടെത്തുന്നതിലേക്കായി 24-10-2024 തീയതി മുതൽ 30-10-2024 വരെ എല്ലാ ദിവസവും പ്രത്യേക പരിശോധ നടത്തി.

**13. ചരക്ക് വാഹനങ്ങൾ ഉൾപ്പെടെയുള്ള വാഹനങ്ങൾ രജിസ്ട്രേഷൻ നമ്പർ പ്ലേറ്റ് മറച്ചു വച്ച് സർവീസ് നടത്തുന്നതിനെതിരായ പ്രത്യേക പരിശോധന.**

സംസ്ഥാനത്ത് സർവീസ് നടത്തുന്ന നിരവധി വാഹനങ്ങൾ പ്രത്യേകിച്ചും അന്യസംസ്ഥാനത്തുനിന്ന് വരുന്ന ചരക്ക് വാഹനങ്ങൾ രജിസ്റ്റർ നമ്പർ മറയുന്ന വിധത്തിലുള്ള നിർമ്മിതികൾ നീക്കം ചെയ്യുന്നതിലേക്കായും വലതു വശം ചേർന്ന് സഞ്ചരിക്കുന്ന ചരക്കു വാഹനങ്ങൾ കണ്ടെത്തുന്നതിലേക്കായും എല്ലാ എൻഫോഴ്സ്മെന്റ് ആർ. ടി.ഒമാരും 11/11/2024 മുതൽ 17/11/2024 വരെ ഒരു സ്പെഷ്യൽ ഡ്രൈവ് പ്രതേകിച്ച് രാത്രി കാലങ്ങളിൽ നടത്തുവാനും പ്രസ്തുത നിയമലംഘനങ്ങൾക്കെതിരെ ഇ-ചെല്ലാൻ തയ്യാറാക്കി വിശദാംശങ്ങൾ ലഭ്യമാക്കുവാനും നിർദ്ദേശം നൽകി. ആയതു കൂടാതെ നിരവധി ചരക്ക് വാഹനങ്ങളിൽ പിൻഭാഗത്ത് അനധികൃതമായി ഘടിപ്പിച്ച ലൈറ്റുകൾക്കെതിരെയും നടപടി സ്വീകരിച്ചു.

**14 ) High Security Registration Plate (HSRP)ഘടിപിച്ച വാഹനങ്ങളുടെ സ്പെഷ്യൽ ഡ്രൈവ്**

| | | | |
|---|---|---|---|
| | | | 04-12-2018 തീയതിയിലെ ജി.എസ്.ആർ നമ്പർ 1162 (E) പ്രകാരമുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി ഹൈ സെക്യൂരിറ്റി രജിസ്ട്രേഷൻ നമ്പർ പ്ലേറ്റുകളാണ്വാഹനങ്ങളിൽ ഘടിപ്പിച്ചിരിക്കുന്നതെന്നും 2234 of 2023 കൊൺടംപ്റ്റ് ഓഫ് കോർട്ട് ഉത്തരവ് പ്രകാരമുള്ള കോടതി ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന HSRP number plate Tampered, 'fancy fonts' or 'decorative fonts, Obstructing Number plate visibilityഎന്നീ നിയമലംഘനങ്ങൾ വാഹനങ്ങളിൽ ഉണ്ടെങ്കിൽ ആയതു കണ്ടെത്തുന്നതിലേക്കുമായി ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തി.<br><br>മേൽ വിവരിച്ച ഡ്രൈവുകൾ നടത്തിയതിന്റെ ഫലമായി ഗതാഗത മേഖലയിൽ റോഡ് സുരക്ഷയെ സംബന്ധിച്ചുള്ള അവബോധം വർദ്ധിപ്പിക്കുന്നതിനും ഒരു നല്ല റോഡ് സംസ്കാരം രൂപപ്പെടുത്തിയെടുക്കുന്നതിനു ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ഒരു ദിശാബോധം നൽകാനും മോട്ടോർ വാഹന വകുപ്പിനു സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ